# വേങ്ങൂർ ഗ്രാമപഞ്ചായത്ത്

വേങ്ങൂർ പി ഓ,കുറുപ്പംപടി (വഴി)

എറണാകുളം ജില്ല ,പിൻ 683546

ഫോൺ 0484-2645037

Email : veovengoor90@gmail.com

നമ്പർ VEO/88/2026 തീയതി 29/06/2026

## <u>ഹ്രസ്വകാല പുനർ ക്വട്ടേഷൻ പരസ്യം</u>

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷികപദ്ധതിയിൽ ഉൾപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായ പ്രൊജക്റ്റ് നമ്പർ 87/27 ഹരിതകർമസേന തുടർപ്രവർത്തനങ്ങൾ ന്റെ ഭാഗമായി വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ ഹരിതകർമസേന ശേഖരിച്ചുവെച്ചിട്ടുള്ള അജൈവ പാഴ്‌വസ്തുക്കൾ മിനി എം സി എഫ്കളിൽ നിന്നും ശേഖരിച്ച് പഞ്ചായത്ത് എം സി എഫിൽ കൊണ്ടുവരുന്നതിന് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് നല്കാൻ താല്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു .

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ,സമയം : 07/07/2026, 11.00 AM

ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്ന തീയതി ,സമയം : 07/07/2026, 3.00 PM

## <u>നിബന്ധനകൾ</u>

- മുദ്രവെച്ച ക്വട്ടേഷനുകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,വേങ്ങൂർ ഗ്രാമപഞ്ചായത്ത് എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
- കിലോമീറ്റർ നിരക്കിൽ വാഹനം ഓടുന്ന നിരക്കാണ് ക്വാട്ട് ചെയ് യേണ്ടത്.വാഹനത്തിന്റെ എൻജിൻ കപ്പാസിറ്റി 600 മുതൽ 1500 വരെ ക്യൂബിക് കപ്പാസിറ്റി ഉണ്ടായിരിക്കണം .
- വാർഡിലെ മിനി എം സി എഫ് /ശേഖരണ സ്ഥലത്ത് നിന്നും പുറപ്പെട്ട് എം സി എഫിൽ എത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിനു പരിഗണിക്കുക .

- ഏറ്റവും കുറഞ്ഞത് 45 ക്യൂബിക് അടി ലോഡിങ് കപ്പാസിറ്റി വാഹനത്തിൽ ഉണ്ടായിരിക്കണം.
- വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും കാലപ്പഴക്കം 14 വർഷത്തിൽ അധികരിക്കാത്തതും ആയിരിക്കണം .
- ഇന്ധന ചെലവ് ,വാഹനത്തിന്റെ മെയിൻറ്റനൻസ് ,ഡ്രൈവറുടെ വേതനം ,ബാറ്റ ,വാഹനത്തിന്റെ ടാക്സ് ,ഇൻഷുറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.
- വാഹനത്തിന്റെ ടാക്സ് അടച്ചതിന്റെ രേഖ ,വാഹനം ഓടിക്കുന്ന വ്യക്തിയുടെ ലൈസൻസ് ,ഇൻഷുറൻസ് ,പെർമിറ്റ് ,രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതാണ് ആയതിന്റെ പകർപ്പ് ക്വട്ടേഷനിൽ ഉള്ളടക്കം ചെയ് യേണ്ടതാണ്.
- കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്മെന്റിൽ നിന്നുള്ള പാൻകാർഡ് ഉണ്ടായിരിക്കേണ്ടതാണ് .
- ഹരിതകർമസേന ആവശ്യപ്പെടുന്ന പ്രവൃത്തി ദിവസങ്ങളിൽ വാഹനം ലഭ്യമാക്കേണ്ടതാണ് .
- ലോഗ് ബുക്ക് ഹരിതകർമസേന സെക്രട്ടറിയുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്
- വാഹനം ഏതെങ്കിലും അടിയന്തിര സാഹചര്യം മൂലം നല്കാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ് .
- കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധനവില വർദ്ധനവ് പരിഗണിക്കുന്നതല്ല.
- നിർദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുൻപ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം വി ഇ ഓ /അസിസ്റ്റന്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും
- ക്വട്ടേഷനുകൾ, ക്വട്ടേഷൻ തുറക്കുന്ന ദിവസം സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും പിന്നീട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി യുടെ തീരുമാനത്തിന് വിധേയമായി അംഗീകാരം നൽകുന്നതുമാണ്
- ക്വട്ടേഷൻ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസം ആണെങ്കിൽ അടുത്ത പ്രവർത്തി ദിവസം അതെ സമയത്ത് ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതായിരിക്കും.
- ക്വട്ടേഷൻ അംഗീകരിച്ച അറിയിപ്പ് ലഭിച്ച് 10 ദിവസത്തിനകം കരാറുകാരൻ 200 രൂപ വിലയുള്ള മുദ്ര പത്രത്തിൽ നിർവഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെ ടേണ്ടതാണ് .
- ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ വേങ്ങൂർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിൽ നിന്നും അറിയാവുന്നതാണ് .

OFFICE OF THE VILLAGE EXTENSION OFFICER
Date 29/06/26
KOMBANAD

Greeshma . G. Nath
Village Extension Office
Kombanad

പകർപ്പ് :

1.വേങ്ങൂർ പഞ്ചായത്ത് ഓഫീസ്

2.കൃഷിഭവൻ,വേങ്ങൂർ

3.സി ഡി എസ് ഓഫീസ് ,വേങ്ങൂർ